**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4912** **01-11-2021 - ൽ മറുപടിയ്ക്ക്**

**പാരലൽ കോളേജ് / ട്യൂഷ്യൻ മേഖലകൾ തുറക്കുന്നതിന് തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ലോക്ക് ഡൗൺ നിബന്ധനകൾ മാറ്റിയിട്ടുള്ള സാഹചര്യത്തിൽ പാരലൽ കോളേജ് / ട്യൂഷ്യൻ മേഖലകൾ തുറക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ വ്യാപനം നിയന്ത്രിക്കുന്നതിനായും അതോടൊപ്പം പൊതുജനങ്ങളുടെ ജീവനോപാധി സംരക്ഷിക്കുന്നതിനുമായി വിവിധ തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു.അതത് സമയത്തെ കോവിഡ് വ്യാപന തോതും ആശുപത്രികളിൽ പ്രവേശിക്കപ്പെടുന്ന രോഗികളുടെ സംഖ്യയും സംസ്ഥാനത്തെ കോവിഡ് വാക്സിനേഷൻ പുരോഗതിയും ഇതുമായി ബന്ധപ്പെട്ട മറ്റ് സാമൂഹിക ആരോഗ്യ പരിപാലന വിഷയങ്ങളും കണക്കിലെടുത്ത ശേഷമാണ് ഓരോ സമയത്തും ആവശ്യമായ നിയന്ത്രണങ്ങളും ഇളവുകളും തീരുമാനിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിവിളിച്ച് ചേർക്കുന്ന ക്രൈസിസ് മാനേജ്മെൻറ് ഗ്രൂപ്പ് യോഗത്തിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളിലുള്ള തീരുമാനങ്ങൾ സ്വീകരിച്ചാണ് നിയന്ത്രണങ്ങളും ഇളവുകളും ഏർപ്പെടുത്തുന്നത്. സംസ്ഥാനത്തെ കോവിഡ് സാഹചര്യം വിദഗ്ധ സമിതി പരിശോധിച്ച് വ്യാപനത്തോത് നിയന്ത്രണ വിധേയമാണെന്ന് വിലയിരുത്തുന്ന മുറയ്ക്ക് പാരലൽ കോളേജുകൾ / ട്യൂഷൻ മേഖലകൾ തുറന്ന് നൽകുന്നതിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| (ബി) | ഇല്ലായെങ്കിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത മേഖലയും തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് വിദഗ്ധ സമിതിയുമായി കൂടിയാലോചന നടത്തി സർക്കാർ തീരുമാനം കൈക്കൊള്ളുമോ? | (ബി) | സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ വ്യാപനം നിയന്ത്രിക്കുന്നതിനായും അതോടൊപ്പം പൊതുജനങ്ങളുടെ ജീവനോപാധി സംരക്ഷിക്ക ന്നതിനുമായി വിവിധ തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു.അതത് സമയത്തെ കോവിഡ് വ്യാപന തോതും ആശുപത്രികളിൽ പ്രവേശിക്കപ്പെടുന്ന രോഗി കളുടെ സംഖ്യയും സംസ്ഥാനത്തെ കോവിഡ് വാക്സിനേഷൻ പുരോഗതിയും ഇതുമായി ബന്ധപ്പെട്ട മറ്റ് സാമൂഹിക ആരോഗ്യ പരിപാലന വിഷയങ്ങളും കണക്കിലെടുത്ത ശേഷമാണ് ഓരോ സമയത്തും ആവശ്യമായ |

| | | | | |
|---|---|---|---|---|
| | | | | നിയന്ത്രണങ്ങളും ഇളവുകളും തീരുമാനിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിവിളിച്ച് ചേർക്കുന്ന ക്രൈസിസ് മാനേജ്മെൻറ് ഗ്രൂപ്പ് യോഗത്തിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളിലുള്ള തീരുമാനങ്ങൾ സ്വീകരിച്ചാണ് നിയന്ത്രണങ്ങളും ഇളവുകളും ഏർപ്പെടുത്തുന്നത്. സംസ്ഥാനത്തെ കോവിഡ് സാഹചര്യം വിദഗ്ദ്ധ സമിതി പരിശോധിച്ച് വ്യാപനത്തോത് നിയന്ത്രണ വിധേയമാണെന്ന് വിലയിരുത്തുന്ന മുറയ്ക്ക് പാരലൽ കോളേജുകൾ / ട്യൂഷൻ മേഖലകൾ തുറന്ന് നൽകുന്നതിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ